പതിനാലാം കേരള നിയമ സഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4325 — 25.06.2019- ൽ മറുപടിക്ക്

## രണ്ടാം കേരള സംസ്ഥാന ഗതാഗത പദ്ധതി

**ചോദ്യം**

ശ്രീ. എ. എൻ. ഷംസീർ
„ പി. ഉണ്ണി
„ ബി. സത്യൻ
„ ഒ. ആർ. കേളു:

**ഉത്തരം**

ശ്രീ. ജി. സുധാകരൻ
(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് രണ്ടാം കേരള സംസ്ഥാന ഗതാഗത പദ്ധതി പ്രകാരം നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(എ) കെ.എസ്.ടി.പി രണ്ടാം ഘട്ട പദ്ധതിയിൽ 363 കി.മീ. സംസ്ഥാന പാതകളുടെ അപ്ഗ്രഡേഷൻ പണികൾ, റോഡുസുരക്ഷയ്ക്ക് പ്രാമുഖ്യം നൽകി നടപ്പിലാക്കി വരുന്നു. കെ.എസ്.ടി.പിയുടെ രണ്ടാം ഘട്ട പദ്ധതിയിൽ 10 പാക്കേജുകളും സേഫ് കോറിഡോർ ഡമോൺസ്ട്രേഷൻ പദ്ധതി (കഴക്കൂട്ടം മുതൽ അടൂർ വരെ) യുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ 6 പാക്കേജുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള 4 പാക്കേജുകളിൽ 2 പാക്കേജുകൾ പൂർത്തികരണ ഘട്ടത്തിലും, 2 എണ്ണം ആരംഭഘട്ടത്തിലുമാണ്. അതിൽ തിരുവല്ല ബൈപ്പാസിന്റെ ബാക്കി പ്രവൃത്തികൾ റീടെൻഡർ നടത്തി പുനരാരംഭിച്ചിട്ടുണ്ട്. കൂടാതെ തിരുവല്ല ടൗൺ നവീകരണം എന്ന പ്രവൃത്തി രണ്ടാം ഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തുകയും ആയതിന്റെ പണികൾ ആരംഭിച്ചിട്ടുണ്ട്.
കാസർകോട്-കാഞ്ഞങ്ങാട് റോഡ് (27.78 കി.മീ.) പിലാത്തറ-പാപ്പിനിശ്ശേരി റോഡ് (20.90 കി.മീ). ചെങ്ങന്നൂർ-ഏറ്റുമാനൂർ റോഡ് (45.40 കി.മീ.), ഏറ്റുമാനൂർ – മൂവാറ്റുപുഴ റോഡ് (40.96 കി.മീ.), പൊൻകുന്നം - തൊടുപുഴ റോഡ് (50 കി.മീ), പെരുമ്പിലാവ് പെരിന്തൽമണ്ണ റോഡ് (41 കി.മീ) എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

തലശ്ശേരി - കളറോഡ് റോഡ് (28.80 കി.മീ), കളറോഡ് - വളവുപാറ റോഡ് (25.20 കി.മീ), സേഫ് കോറിഡോർ ഡെമോൺസ്ട്രേഷൻ പദ്ധതി - കഴക്കൂട്ടം - തൈക്കോട് അടൂർ റോഡിന്റെ ബി.സി ഓവർലേയും മറ്റ് റോഡ് സുരക്ഷാ പണികളും (80.കി.മീ) എന്നീ പ്രവൃത്തികളുടെ നിർമ്മാണം പുരോഗതിയിലാണ്.

പൊതുസ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കേണ്ടിയിരുന്ന പുനലൂർ - പൊൻകുന്നം റോഡ്, ലോകബാങ്കിന്റെ നിർദ്ദേശപ്രകാരം എൻജിനീയറിംഗ് പ്രൊക്യുയർമെന്റ് ആന്റ് കൺസ്ട്രക്ഷൻ (EPC) മാതൃകയിൽ 3 പാക്കേജുകളായി തിരിച്ച് പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 2019 ജൂലൈ മാസത്തോടെ ഈ 3 പാക്കേജുകളുടെയും നിർമ്മാണ പ്രവൃത്തികൾക്ക് വേണ്ടിയുള്ള കരാറിൽ ഏർപ്പെടുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

| | | | |
|---|---|---|---|
| (ബി) | പദ്ധതിയുടെ മൊത്തം അടങ്കൽ തുക എത്രയാണെന്നും ഇതിൽ ലോകബാങ്കിന്റെ ധനസഹായം എത്രയാണെന്നും അറിയിക്കാമോ; | (ബി) | പദ്ധതിയുടെ മൊത്തം അടങ്കൽ തുക 2403 കോടി രൂപയാണ്. ഇതിൽ ലോകബാങ്കിന്റെ ധനസഹായം 1166 കോടി രൂപയാണ്. |
| (സി) | പദ്ധതിയ്ക്കായി എത്ര കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ടെന്നും പദ്ധതിയുടെ കാലാവധി എന്നത്തേയ്ക്ക് അവസാനിക്കുമെന്നും വ്യക്തമാക്കാമോ? | (സി) | പദ്ധതിയ്ക്കായി 2005 കോടി രൂപയുടെ (2013 – ലെ ഡോളറിന്റെ വിനിമയ നിരക്ക് അനുസരിച്ച്) ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്.<br>പദ്ധതിയുടെ കാലാവധി 30-04-2021 വരെ ലോകബാങ്ക് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ